പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3039

19-06-2018 ൽ മറുപടിക്ക്

## കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ

ചോദ്യം
ശ്രീ. എ.എൻ. ഷംസീർ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കൃഷി വകുപ്പ് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എല്ലാ സഹായങ്ങളും ചെയ്തുവരുന്നു. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേകിച്ച് കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് കൃഷിഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ ശുപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നു. ബ്ലോക്ക്തല ബാങ്കേഴ്സ് കമ്മറ്റി (BLBC), ജില്ലാതല റിവ്യൂ കമ്മറ്റി (DLRC), സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റി (SLBC) എന്നിവയിൽ കൃഷി വകുപ്പിന്റെ പ്രതിനിധികൾ അംഗങ്ങളാണ്. പ്രസ്തുത കമ്മറ്റി യോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിനു കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാറുമുണ്ട്. ഇതോടൊപ്പം വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദികളിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. ഇവിടെ നിന്നും ലഭിക്കുന്ന കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നടപടിയെടുത്തുവരുന്നു.<br>സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീൺ ബാങ്കിന്റെ സഹായത്തോടുകൂടി 'ഹരിത കാർഡുകൾ' കർഷകർക്ക് നൽകിവരുന്നു. 'ഹരിത കാർഡുകൾ' കർഷകർക്ക് ഒരേ സമയം ഡെബിറ്റ് കാർഡായും ഐഡന്റിറ്റി കാർഡായും |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാവുന്നതാണ്. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നു.<br>വർഷാവർഷമുള്ള ബാങ്ക് വായ്പാ സ്ഥിതി വിവര കണക്കുകളും ടാർജെറ്റുകളും എസ്.എൽ.ബി.സി അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൃഷി വകുപ്പും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും പലതരം വായ്പാ ബന്ധിത (credit linked) പദ്ധതികൾ ബാങ്കുകളുമായി സഹകരിച്ച് നടത്തുന്നുണ്ട്. പ്രധാൻ മന്ത്രി ഫസൽ ബീമ യോജനയിലുള്ള ക്രോപ് ഇൻഷ്വറൻസ് സ്കീം കൃഷി വകുപ്പും ബാങ്കുകളും സഹകരിച്ചാണ് നടത്തുന്നത്. |
| (ബി) | കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി പലിശരഹിത വായ്പ നൽകുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ അത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | 2011-12 വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന ചെറുകിട കർഷകർക്ക് ടി വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന "ഉത്തേജന പലിശ ഇളവ് " പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിന്റെ പലിശ സബ് വെൻഷൻ കഴിച്ച് ബാക്കിയുള്ള പലിശ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നതാണ് ഈ പദ്ധതി. ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ 32 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>നിലവിൽ കേന്ദ്ര സർക്കാർ ഹ്രസ്വകാല കാർഷിക വിള വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നുണ്ട്. ഇതുപ്രകാരം കൃത്യമായി അടക്കുന്ന കർഷകൻ 4% പലിശ നൽകിയാൽ മതിയാകും. |

സെക്ഷൻ ഓഫീസർ